# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1260 06.02.2020 -ൽ മറുപടിയ്ക്ക്

## സ്കൂൾ പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും പരിഷ്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ. ബാബു<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.കെ.ജെ. മാക്സി | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സമഗ്രമായി പരിഷ്കരിക്കാൻ 50-ാം സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോയെന്നു അറിയിക്കാമോ; | (എ) | നിലവിലെ സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കണമെന്ന് സംസ്ഥാന കരിക്കുലം കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ കരിക്കുലം കമ്മിറ്റിയുടെ പ്രസ്തുത തീരുമാനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിലേക്കു നയിക്കുന്ന കരട് സമീപന രേഖ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഓരോ തലത്തിലേക്കും വേണ്ടപഠന നേട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പരിഷ്കരണം സംബന്ധിച്ച് കൂടുതൽ ആശയങ്ങൾ സ്വരൂപിക്കുന്നതിന് വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായി ആശയവിനിമയം നടന്നുവരുന്നു. |
| സി) വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം ശക്തിപ്പെടുത്തുന്നതിനും നൈപുണ്യ ശേഷി വികസനത്തിന് അനുയോജ്യമായ തൊഴിൽ പഠനം നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; | സി) | വിവര സാങ്കേതിക വിദ്യയുടെ പരമാവധി ഉപയോഗം ഉറപ്പു വരുത്തുന്ന രീതിയിലാണ് പാഠ്യപദ്ധതി തയ്യാറാക്കുന്നത്. കൂടാതെ നൈപുണീ വികസനത്തിന് അനുയോജ്യമായ രീതിയിൽ തൊഴിൽ പഠനം ഉറപ്പാക്കുന്ന തരത്തിലുമാണ് പാഠ്യപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

| | |
|---|---|
| ഡി) പുതുതായി പ്രസിദ്ധീകരിക്കുന്ന പാഠ പുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് പതിപ്പിക്കാനും വിവിധ ഡിജിറ്റൽ റിസോഴ്സുകളുമായി ബന്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഡി) സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 8 മുതൽ 12 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ.കോഡ് ഉൾച്ചേർത്ത് പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ